പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 22 — 28.10.2019 -ൽ മറുപടിക്ക്.

# പൊതുവിതരണരംഗത്തെ കേന്ദ്രസർക്കാർ സമീപനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ<br>,, ഇ.കെ.വിജയൻ<br>ശ്രീമതി സി.കെ. ആശ<br>ശ്രീ.എൽദോ എബ്രഹാം : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കിയശേഷം കേന്ദ്ര സർക്കാരിന്റെ സമീപനത്തിൽ സംസ്ഥാനത്തിന് ഗുണകരമായ മാറ്റമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കിയില്ലെന്ന കാരണത്താൽ സംസ്ഥാനത്തിന് എ.പി.എൽ നിരക്കിൽ ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യ ധാന്യങ്ങൾ 2016 നവംബർ മുതൽ MSP നിരക്കിലേ നൽകുകയുള്ളൂ എന്ന് കേന്ദ്ര സർക്കാരിൽ നിന്ന് അറിയിക്കുകയും 2016 നവംബർ മുതൽ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിൽ വരുത്തുകയും ചെയ്തു. ഇതേ തുടർന്ന് ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന വിധത്തിലുള്ള ഭക്ഷ്യധാന്യങ്ങൾ 2016 നവംബർ മുതൽ അനുവദിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാർ ഉത്തരവ് ലഭ്യമായി.<br>എന്നാൽ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിയതിനു ശേഷം, സംസ്ഥാനത്തിന് tide over വിഹിതത്തിൽ കൂടുതൽ ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുന്നതിലോ മറ്റ് സഹായങ്ങൾ നൽകുന്നതിലോ എന്തെങ്കിലും ഗുണകരമായ മാറ്റം കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. |
| (ബി) മണ്ണെണ്ണ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങളിന്മേൽ കേന്ദ്ര നിലപാട് വ്യക്തമാക്കുമോ; | (ബി) 2019-20 സാമ്പത്തിക വർഷത്തിലെ ഒന്നാംപാദത്തിൽ നിലവിലുണ്ടായിരുന്ന പാദവിഹിതമായ 13908 KL ൽ നിന്നും വെട്ടിക്കുറച്ച് 9264 KL മണ്ണെണ്ണയാണ് രണ്ടാംപാദവിഹിതമായി കേന്ദ്രം ലഭ്യമാക്കിയത്. സംസ്ഥാനത്തിന്റെ മണ്ണെണ്ണ വിഹിതം ഘട്ടം ഘട്ടമായി കുറവ് വരുത്തുന്ന സമീപനമാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തിലെ ഒന്നാംപാദത്തിൽ 27960 KL ആയിരുന്ന പാദ വിഹിതം ഘട്ടം ഘട്ടമായി വെട്ടിക്കുറച്ച് 2017-18 സാമ്പത്തിക വർഷത്തിലെ മൂന്നാം പാദമായപ്പോഴേക്കും 13908 KL ആയി വിഹിതം പരിമിതപ്പെട്ടിരുന്നു. ആയത് ഉപയോഗിച്ച് സംസ്ഥാനത്തെ വൈദ്യുതീകരിച്ച കാർഡുകൾക്ക് |

കാർഡൊന്നിന് 1/2 ലിറ്റർ വീതവും, വൈദ്യുതീകരിക്കാത്ത കാർഡുകൾക്ക് കാർഡൊന്നിന് 4 ലിറ്റർ വീതവുമാണ് പ്രതിമാസം വിതരണം നടത്തി വരുന്നത്.

മണ്ണെണ്ണ വിഹിതം 9264 KL ആയി വെട്ടിക്കുറച്ച സാഹചര്യത്തിൽ സംസ്ഥാനത്തെ സബ്സിഡി മണ്ണെണ്ണ വിതരണം പ്രതിസന്ധിയിലായിരിക്കുകയാണ്. മേൽപ്പറഞ്ഞ പ്രകാരം ഇ-കാർഡ്, എൻ.ഇ-. കാർഡുകൾക്ക് യഥാക്രമം 1/2 ലിറ്റർ, 4 ലിറ്റർ വീതം വിതരണം നടത്തുന്നതിന് പ്രതിമാസം 4404 KL ആവശ്യമായി വരും. ആയതിനാൽ തന്നെ പാദവിഹിതത്തിൽ 4644 KL ന്റെ കുറവ് വരുത്തിയ കേന്ദ്ര സർക്കാർ നടപടിയെത്തുടർന്ന് കുറവ് വരുത്തിയ വിഹിതം യഥാർത്ഥ പ്രതിമാസ ആവശ്യകതയ്ക്ക് പര്യാപ്തമല്ലാത്തതിനാൽ 2019 സെപ്റ്റംബർ മാസത്തിൽ NPNS വിഭാഗത്തിനെ സബ്സിഡി മണ്ണെണ്ണ വിതരണത്തിൽ നിന്ന് ഒഴിവാക്കാൻ സംസ്ഥാന സർക്കാർ നിർബന്ധിതമായി തീർന്നു.

സംസ്ഥാനത്തുണ്ടായ മണ്ണെണ്ണ വിതരണത്തിലെ പ്രതിസന്ധി ചൂണ്ടിക്കാട്ടി വെട്ടിക്കുറച്ച വിഹിതം പുനഃസ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും നടപ്പ് സാമ്പത്തിക വർഷത്തിലെ മൂന്നാം പാദത്തിലും 9264 KL മണ്ണെണ്ണയാണ് പാദവിഹിതമായി ലഭ്യമാക്കിയിരിക്കുന്നത്. ആയതിനാൽ തന്നെ മൂന്നാം പാദത്തിലെ (ഒക്ടോബർ മുതൽ ഡിസംബർ 2019) അവസാന മാസമായ 2019 ഡിസംബറിൽ മണ്ണെണ്ണ വിതരണത്തിൽ പ്രതിസന്ധി ഉണ്ടാകുമെന്ന് കാണുന്നു.

| | |
|---|---|
| (സി) റേഷൻ കടകൾക്ക് ഏകീകൃത രൂപം നൽകുന്ന പദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; എന്താണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ; | (സി) സംസ്ഥാനത്ത് നിലവിൽ സസ്പെന്റ് ചെയ്തിരിക്കുന്നതും, മറ്റ് കടകളുമായി കൂട്ടിച്ചേർത്ത് പ്രവർത്തിക്കുന്നതുമായ കടകളുമൊഴികെയുള്ള എല്ലാ റേഷൻകടകളും നവീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി റേഷൻകടകൾക്ക് ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും ആയത് നടപ്പിൽ വരുത്തുന്നതിന് ഒരു റേഷൻകടയ്ക്ക് 2,500/- രൂപ വീതം സാമ്പത്തിക സഹായം നൽകുന്നതിനായി 3,50,00,000/- രൂപ (മൂന്ന് കോടി അൻപത് ലക്ഷം രൂപ മാത്രം) അനുവദിച്ച് റേഷൻകടകൾ നവീകരണം താഴെ പറയുന്ന രീതിയിലാണ് ചെയ്തിട്ടുള്ളത്. |

1) ചുവപ്പും മഞ്ഞയും നിറത്തിൽ നിശ്ചിത മാതൃകയിൽ ബോർഡുകൾ സ്ഥാപിച്ചു
2) നിശ്ചിത മാതൃകയിൽ ഉള്ള സ്റ്റോക്ക്ബോർഡ്/ വിലവിവര പട്ടിക ജനങ്ങൾക്ക് കാണത്തക്ക രീതിയിൽ സ്ഥാപിച്ചു.
3) കടയുടെ ഉൾവശം വൈറ്റ് വാഷ് ചെയ്തു.
4) ഷട്ടർ / ഡോർ എന്നിവ അംഗീകരിച്ച മാതൃകയിൽ പെയിന്റ് ചെയ്തു.

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി എല്ലാ റേഷൻകടകൾക്കും ഒരു കാലികമായ മാറ്റം വരുത്തുന്നതിനും, ഒരു പുതിയ മുഖം (ഏകീകൃത മാതൃക) നൽകി റേഷൻകടകളെ കൂടുതൽ പൊതുജനസൗഹൃദമാക്കുക എന്നതുമാണ് റേഷൻകട നവീകരണം കൊണ്ട് ലക്ഷ്യമിടുന്നത്.

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് ആവശ്യമായ സ്ഥലങ്ങളിൽ പുതിയ റേഷൻ കടകൾ അനുവദിക്കണമെന്ന അപേക്ഷകളിന്മേൽ തുടർനടപടി സ്വീകരിക്കുമോ; | (ഡി) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് പൊതുവിതരണ സമ്പ്രദായത്തിലുള്ള മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 1966 - ലെ കേരള റേഷനിംഗ് ഓർഡറിന്റെ ഭേദഗതി പ്രാബല്യത്തിൽ വന്നതിനുശേഷം പുതിയ റേഷൻകടകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ പരിഗണിക്കുന്നതാണ്. |
| (ഇ) | ഒരു രാജ്യം ഒരു റേഷൻ എന്ന പദ്ധതി സംസ്ഥാനത്തിന് ഗുണകരമാകുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഇ) | Integrated Management - Public Distribution System (IM-PDS) എന്ന പദ്ധതിയുടെ ലക്ഷ്യമായ **"ഒരു രാജ്യം ഒരു റേഷൻ"** എന്നത് കേരള, കർണ്ണാടക എന്നീ സംസ്ഥാനങ്ങളെ ഉൾപ്പെടുത്തി ഒരു ക്ലസ്റ്റർ എന്നുള്ള നിലയിൽ ഒക്ടോബർ 01, 2019 മുതൽ നടപ്പിൽ വരുത്തുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഒക്ടോബർ 01 ന് ടി പദ്ധതിയുടെ ട്രയൽ റൺ നടത്തുകയുണ്ടായി കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിൽപ്പെട്ട ഗുണഭോക്താക്കളെ കർണ്ണാടകയിലെ റേഷൻകടയിൽ എത്തിച്ച് റേഷൻ സാധനങ്ങൾ വാങ്ങിക്കുകയും ആയത് പോലെ തന്നെ കർണ്ണാടകയിലെ ഗുണഭോക്താക്കളെ കേരളത്തിലെ മഞ്ചേശ്വരം താലൂക്കിലെ റേഷൻകടയിൽ എത്തിച്ച് ആധാർ ആതന്റിക്കേഷനിലൂടെ റേഷൻ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ഒട്ടാകെ ഈ പദ്ധതി നടപ്പിലാക്കുന്നതിനു കേന്ദ്ര ഭക്ഷ്യ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു.<br><br>രാജ്യത്ത് ഒട്ടാകെ എല്ലാ സംസ്ഥാനങ്ങളെയും ഉൾപ്പെടുത്തി ഈ പദ്ധതി നടപ്പിലാക്കിയാൽ മാത്രമേ നിലവിൽ മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന മലയാളികൾക്കും സംസ്ഥാനത്ത് ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്കും അർഹമായ റേഷൻ വിഹിതം കൈപ്പറ്റുവാൻ സാധിക്കുകയുള്ളൂ. ആ ഘട്ടത്തിൽ മാത്രമേ ആയത് സംസ്ഥാനത്തിന് ഗുണകരമാണോ എന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**